# സൂറ – 28 / അല്‍ ഖസ്വസ്വ്

## സൂക്തം: 01 – 03

പ്രവാചകന്മാരിലൂടെ പലതരം ദിവ്യാത്ഭുതങ്ങള്‍ അല്ലാഹു പ്രത്യക്ഷപ്പെടുത്താറുണ്ട്. അത് എപ്പോള്‍ എവിടെ എങ്ങനെ പ്രത്യക്ഷപ്പെടുത്തണമെന്ന് നിശ്ചയിക്കുന്നത് അല്ലാഹു തന്നെയാണ്. പ്രവാചകന്‍ ആഗ്രഹിക്കുമ്പോഴോ ജനങ്ങള്‍ ആവശ്യപ്പെടുമ്പോഴോ അത് പ്രത്യക്ഷപ്പെട്ടുകൊള്ളണമെന്നില്ല. പ്രവാചകനില്‍ വിശ്വസിക്കാനുള്ള അനിവാര്യമായ ഉപാധിയല്ല അദ്ദേഹം പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതം. അധികമാളുകളും വിശ്വസിക്കുന്നത് ദിവ്യാത്ഭുതം കണ്ടതുകൊണ്ടുമല്ല.



മൂസാ നബി(അ)യുടെയും ഖാറൂന്റെയും ചരിത്രം പ്രതിപാദിക്കുന്നതുകൊണ്ടും 25-ാം സൂക്തത്തില്‍ ٱلْقَصَصَ എന്ന് പദം വന്നിട്ടുള്ളതുകൊണ്ടുമാണ് ഈ സൂറക്ക് *അല്‍ ഖസ്വസ്വ്* എന്ന് നാമകരണം ചെയ്യപ്പെട്ടതെന്നു കരുതപ്പെടുന്നു. കഥാകഥനവും സംഭവങ്ങളുടെ ക്രമാനുഗതമായ വിവരണവുമാണല്ലോ قصص.

*അശ്ശുഅറാഅ്, അന്നംല്* സൂറകളുടെ ആമുഖത്തില്‍ സൂചിപ്പിച്ചിട്ടുള്ളതുപോലെ മുസ്ഹഫില്‍ ക്രോഡീകരിച്ചിട്ടുള്ള ക്രമത്തില്‍ തന്നെയാണ് ഈ മൂന്ന് സൂറകളുടെയും അവതരണം. മുസ്ഹഫില്‍ 28-ാമതായി ചേര്‍ത്തിരിക്കുന്ന ഈ സൂറ അവതരണ ക്രമപ്രകാരം 48-ാമതാണ്. അവതരണം മക്കയിലാണെന്ന കാര്യത്തില്‍ തര്‍ക്കമില്ല. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ അവസാന ദശയില്‍ സൂറ *അല്‍ ഇസ്രാഇന്റെ* തൊട്ടു മുമ്പാണിത് അവതരിച്ചതെന്നാണ് ചരിത്രം.

*അശ്ശുഅറാഅ്, അന്നംല്, അല്‍ ഖസ്വസ്വ്* സൂറകളുടെ അവതരണ പശ്ചാത്തലമെന്ന പോലെ പ്രമേയവും പ്രഭാഷണ ശൈലിയും ഏതാണ്ട് ഒന്നുതന്നെയാണ്. *അന്നംലില്‍* മൂസാ(അ)യുടെ ചരിത്രത്തിന്റെ, അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചതും ഫറവോന്റെ അടുക്കല്‍ പോവാന്‍ കല്‍പിക്കപ്പെട്ടതുമായ ഭാഗം മാത്രം സംക്ഷിപ്തമായി പരാമര്‍ശിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ ജനനം മുതല്‍ തൗറാത്ത് ലഭിച്ചതുവരെയുള്ള സംഭവങ്ങളും സാഹചര്യങ്ങളുമാണ് ഈ സൂറ പ്രതിപാദിക്കുന്നത്. ഈ രണ്ട് സൂറകളോടൊപ്പം സൂറ *അശ്ശുഅറാഇല്‍* മൂസാ(അ)യെ കുറിച്ച് പറഞ്ഞ കാര്യങ്ങള്‍ കൂടി ചേര്‍ത്തുവെക്കുമ്പോള്‍ അനുവാചകന് മൂസാ ചരിത്രം പൂര്‍ണ രൂപത്തില്‍ ലഭിക്കുന്നു. മുന്‍ സൂറയില്‍ ഇസ്രാഈല്‍ സമുദായത്തെക്കുറിച്ച് ലഘുവായ സൂചനകളേയുള്ളൂ. ഈ സൂറ അവരിലെ സജ്ജനങ്ങളെയും പ്രതിലോമശക്തികളെയും കുറേക്കൂടി മറനീക്കി കാണിക്കുന്നുണ്ട്. പ്രതിലോമകാരികളുടെ കൂട്ടത്തില്‍ വന്‍ മുതലാളിയായിരുന്ന ഖാറൂന്റെ കഥ പ്രത്യേകം എടുത്തു പറയുന്നു. മൂസാ–ഫറവോന്‍ – ഖാറൂന്‍ കഥാ പ്രഭാഷണത്തില്‍ വര്‍ഗ വിഭജനത്തോടും അധികാര കുത്തകയോടും മുതലാളിത്തത്തോടുമുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാടുകള്‍, കമ്യൂണിസ്റ്റ് ഭാഷയില്‍ പറഞ്ഞാല്‍ ഖുര്‍ആന്റെ വര്‍ഗസ്വഭാവം തെളിഞ്ഞുകാണാം.

സൂറയുടെ അവതരണ പശ്ചാത്തലത്തില്‍ നബി(സ) മൂസാ ചരിത്രം കേള്‍പ്പിക്കുന്നതില്‍ സുപ്രധാനമായ മൂന്ന് താല്‍പര്യങ്ങളുണ്ടായിരുന്നു:

1. അല്ലാഹുവിന്റെ പരിപാടികളുടെ ദുരൂഹതയും വൈചിത്ര്യവും പ്രവാചകനെ ബോധ്യപ്പെടുത്തി, ആ ബോധ്യത്തോടെ മുന്നോട്ടുപോകാന്‍ പ്രേരിപ്പിക്കുക. അല്ലാഹു അവന്റെ ദൂതന്മാരെ സഹായിക്കുകയും വിജയിപ്പിക്കുകയും ചെയ്യുന്നത് ഏതെല്ലാം പദ്ധതികളിലൂടെയും ആസൂത്രണങ്ങളിലൂടെയുമാണെന്ന് ആ ദൂതന്മാര്‍ക്ക് പോലും ഊഹിക്കാന്‍ കഴിയില്ല. ഈ പ്രബോധനം ഏതൊക്കെ മാര്‍ഗേണയാണ് വിജയം വരിക്കുക എന്ന് കണക്കുകൂട്ടാന്‍ ഇന്ന് പ്രവാചകന് കഴിയില്ല. പക്ഷേ, അല്ലാഹു വിജയിപ്പിക്കാന്‍ തീരുമാനിച്ച കാര്യം അവന്‍ വിജയിപ്പിക്കുക തന്നെ ചെയ്യും. അതിനൊരു ഉദാഹരണമാണ് മൂസാ(അ). അദ്ദേഹത്തിന്റെ ജനനം, ശൈശവം, യൗവനം, പ്രവാചകത്വം, വേദലബ്ധി, ഫറവോനുമായുള്ള സംഘര്‍ഷം, ഇസ്രാഈല്യരുടെ മോചനം എല്ലാം സാധാരണ നിരീക്ഷകന് അപ്രതീക്ഷിതവും വിചിത്രവുമായ സംഭവങ്ങളാല്‍ നിബിഡമായിരുന്നു. മൂസാ(അ) വേദവും പ്രവാചകത്വവും തേടി പോവുകയായിരുന്നില്ല. അവ അദ്ദേഹത്തെ തേടിവരികയായിരുന്നു. ഫറവോനെ പ്രബോധനം ചെയ്യാനും ആഭിചാര വിദ്വാന്മാരെ വെല്ലുവിളിക്കാനും മൂസാ(അ) സ്വയം തയാറാവുകയായിരുന്നില്ല. അല്ലാഹു അദ്ദേഹത്തോട് കല്‍പിക്കുകയായിരുന്നു. ഒരു രാത്രി ഇസ്രാഈല്യരെയും കൂട്ടി നാടുവിടാനുള്ള തീരുമാനവും അദ്ദേഹത്തിന്റേതായിരുന്നില്ല, അല്ലാഹുവിന്റേതായിരുന്നു. ഇതിന്റെയെല്ലാം പരിണതി സുവിദിതമാണല്ലോ. അതുപോലെ മുഹമ്മദ് നബിക്ക് പ്രവാചകത്വവും ഖുര്‍ആനും ലഭിച്ചത് അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. അവ അദ്ദേഹത്തെ തേടിവരികയായിരുന്നു. മൂസാ(അ) ഫറവോനികളെ പരാജയപ്പെടുത്തിയതുപോലെ

ഒരുനാൾ ഈ പ്രവാചകൻ ഈ ഖുറൈശിധിക്കാരികളെ പരാജയപ്പെടുത്തുകയും അല്ലാഹുവിന്റെ ഭൂമിയിൽ അവന്റെ രാജ്യം സ്ഥാപിക്കുകയും ചെയ്യും. അതെങ്ങനെ, എപ്പോൾ എന്നൊന്നും ആലോചിച്ച് ഇപ്പോൾ ഉത്കണ്ഠപ്പെടേണ്ടതില്ല. മൂസാ നബിയെപ്പോലെ ഓരോ ഘട്ടത്തിലും അവൻ കാണിച്ചുതരുന്ന വഴിയിലൂടെ ചുവടുകൾ വെക്കുക.

2. ഖുറൈശികളെ ഉദ്ബോധിപ്പിക്കുക. ഫറവോനികളെ സന്മാർഗദർശനം ചെയ്യാൻ അല്ലാഹു മൂസാ പ്രവാചകനെ വേദപ്രമാണങ്ങളുമായി അയച്ചത് നിങ്ങൾക്കറിയാമല്ലോ. അതേപ്രകാരം നിങ്ങളെ മാർഗദർശനം ചെയ്യാൻ അവൻ മുഹമ്മദി(സ)നെ വേദഗ്രന്ഥവുമായി അയച്ചിരിക്കുകയാണ്. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുങ്ങിക്കിടക്കാൻ ഇനിയും നിങ്ങൾക്ക് യാതൊരു ന്യായവും അവശേഷിക്കുന്നില്ല.

3. ഇസ്രാഈൽ സമുദായത്തെ ഈ യാഥാർഥ്യത്തിലേക്കുണർത്തുക: മുഹമ്മദ് (സ) ദൈവദൂതനും അദ്ദേഹം ഓതുന്നത് ദൈവവചനങ്ങളും അല്ലെങ്കിൽ പിന്നെ മൂസാ(അ)യുടെ ചരിത്രത്തിൽ നിങ്ങൾക്കു പോലും ശരിയായും സൂക്ഷ്മമായും വിശദമായും അറിഞ്ഞുകൂടാത്ത വശങ്ങൾ അദ്ദേഹത്തിന് അറിയാൻ കഴിയുന്നതെങ്ങനെയെന്ന് ആലോചിച്ചുനോക്കുക. അല്ലാഹു നിങ്ങൾക്കരുളിയ മാർഗദർശനം നിങ്ങളുടെ പരസ്പര കലഹം മൂലം മറഞ്ഞുപോയിരിക്കുന്നു. ഇപ്പോഴിതാ അല്ലാഹു മുഹമ്മദ് നബിയിലൂടെ നിങ്ങളടക്കം മുഴുവൻ മനുഷ്യകുലത്തിനും എന്നെന്നേക്കുമുള്ള സന്മാർഗ പ്രമാണങ്ങൾ അവതരിപ്പിച്ചിരിക്കുകയാണ്. അത് കൈക്കൊള്ളുകയാണെങ്കിൽ നിങ്ങൾക്ക് സത്യത്തിന്റെ വെളിച്ചത്തിൽ ജീവിത സാഫല്യത്തിലേക്ക് സഞ്ചരിക്കാം. തള്ളിക്കളയുകയാണെങ്കിൽ ഇരുട്ടിലൂടെയുള്ള അപഥ സഞ്ചാരത്തിന്റെ അനിവാര്യമായ അനന്തരഫലം അനുഭവിക്കേണ്ടിവരും.

അല്ലാഹുവിന്റെ ഏകത്വവും മുഹമ്മദീയ പ്രവാചകത്വവും അംഗീകരിക്കാതിരിക്കാൻ പ്രതിയോഗികൾ പ്രധാനമായി ഉന്നയിച്ചുകൊണ്ടിരുന്ന ചില ന്യായങ്ങളെ ഈ സൂറ പരോക്ഷമായി ഖണ്ഡിക്കുന്നുണ്ട്. മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെടുമെന്ന് ഞങ്ങൾക്ക് ഒരു മുന്നറിയിപ്പും ലഭിച്ചിട്ടില്ല. പുരോഹിതന്മാരാരും പ്രവചിച്ചിട്ടില്ല. അയാളെ പ്രവാചകനാക്കുന്നത് ഞങ്ങളാരും കണ്ടിട്ടുമില്ല. ഒരു സാധാരണക്കാരൻ ഒരുനാൾ ഞാൻ ദൈവത്തിന്റെ പ്രവാചകനാകുന്നു എന്ന് സ്വയം അവകാശപ്പെട്ടുകൊണ്ട് രംഗത്തുവന്നാൽ ഞങ്ങൾക്കെങ്ങനെ വിശ്വസിക്കാനാകും? ഇതായിരുന്നു ഒരു ന്യായം. മറുപടി ഇതാണ്: അല്ലാഹു പ്രവാചകന്മാരെ അയക്കാറുള്ളത് അവരുടെ ആഗമനം നേരത്തേ ജനങ്ങളിൽ വിളംബരം ചെയ്തുകൊണ്ടല്ല. ജനസഭ വിളിച്ചുകൂട്ടി അവരുടെ മധ്യത്തിൽ വെച്ച് മലക്കുകൾ അവരെ പ്രവാചകരായി അഭിഷേകം ചെയ്യാറുമില്ല. പ്രവാചകന്മാർ പോലും നിനച്ചിരിക്കാത്തപ്പോഴായിരിക്കും അല്ലാഹു അവരെ ആ പദവിയിൽ നിയോഗിക്കുക. ഇസ്രാഈല്യരും ഇസ്മാഈല്യരുമെല്ലാം പ്രവാചകനായി അംഗീകരിക്കുന്ന മൂസാ(അ)യുടെ പ്രവാചകത്വം തന്നെ അതിന് വ്യക്തമായ തെളിവാകുന്നു.

മൂസാ പ്രവാചകൻ പല ദിവ്യാത്ഭുതങ്ങളും അമാനുഷ ദൃഷ്ടാന്തങ്ങളും പ്രത്യക്ഷപ്പെടുത്തിയിരുന്നു. അതിലൊന്നായിരുന്നുവല്ലോ നിലത്തിടുമ്പോൾ സർപ്പമായി മാറുന്ന വടി. മുഹമ്മദ് അതുപോലുള്ള അത്ഭുതങ്ങളൊന്നും കാണിക്കാത്തതെന്താണ്? മറുപടി: യഥാർഥത്തിൽ പ്രവാചകനെ തള്ളുകയോ കൊള്ളുകയോ ചെയ്യേണ്ടത് അദ്ദേഹം കാണിക്കുന്ന അത്ഭുതങ്ങൾ കണ്ട് അന്ധാളിച്ചുകൊണ്ടല്ല; അദ്ദേഹം പ്രബോധനം ചെയ്യുന്ന സന്ദേശത്തിന്റെ സത്യവും ധർമവും യുക്തിയും ആധ്യാത്മീയതയും ഉൾക്കൊണ്ടുകൊണ്ടാണ്. മുഹമ്മദ് നബി നൽകുന്ന സന്ദേശം സത്യമാണോ ധർമമാണോ യുക്തിസഹമാണോ; സർവോപരി നിരക്ഷരനായ ഒരു സാധാരണക്കാരന് നൽകാൻ കഴിയുന്നതാണോ എന്നൊക്കെയാണ് പരിശോധിക്കേണ്ടത്. അദ്ദേഹത്തിൽ അസത്യമോ അധർമമോ ആരോപിക്കാൻ നിങ്ങൾക്കാർക്കും കഴിയില്ല. യുക്തിക്ക് നിരക്കാത്തതാണെന്നും പറയാനാവില്ല. അദ്ദേഹം പറയുന്ന പല കാര്യങ്ങളും അഭൗതിക ലോകവുമായി ബന്ധപ്പെട്ടതാണ്. ഉദാ: ഉയിർത്തെഴുന്നേൽപും വിചാരണയും സ്വർഗ നരകങ്ങളും. മറ്റു ചിലത് ദൈവികമായ വെളിപാടിലൂടെയല്ലാതെ മറ്റൊരു മാർഗത്തിലൂടെയും അദ്ദേഹത്തിനറിയാൻ കഴിയാത്ത അദൃശ്യവും പൗരാണികവുമായ സംഭവങ്ങളാണ്. ആയിരത്തിലേറെ സംവത്സരങ്ങൾക്ക് മുമ്പ് നടന്ന, മൂസാ പ്രവാചകന്റെ ശൈശവവും യൗവനവും മിദ്യാൻ പലായനവും പ്രവാചകത്വലബ്ധിയുമൊക്കെ ഒരു ദൃക്സാക്ഷിയെപ്പോലെ ഈ നിരക്ഷരൻ വിവരിക്കുന്നുവെങ്കിൽ അത് ദിവ്യബോധനത്തിലൂടെയല്ലാതെ മറ്റേത് മാർഗേണയാണ് സാധ്യമാവുക? വാസ്തവത്തിൽ മുഹമ്മദ് നബി അവതരിപ്പിക്കുന്ന ഈ ഖുർആൻ തന്നെ മുഹമ്മദ് നബി പ്രത്യക്ഷപ്പെടുത്തുന്ന ഏറ്റം മഹത്തരവും എന്നെന്നും നിലനിൽക്കുന്നതുമായ ദിവ്യാത്ഭുതമാകുന്നു.

പ്രവാചകന്മാരിലൂടെ പലതരം ദിവ്യാത്ഭുതങ്ങൾ അല്ലാഹു പ്രത്യക്ഷപ്പെടുത്താറുണ്ട്. അത് എപ്പോൾ എവിടെ എങ്ങനെ പ്രത്യക്ഷപ്പെടുത്തണമെന്ന് നിശ്ചയിക്കുന്നത് അല്ലാഹു തന്നെയാണ്. പ്രവാചകൻ ആഗ്രഹിക്കുമ്പോഴോ ജനങ്ങൾ ആവശ്യപ്പെടുമ്പോഴോ അത് പ്രത്യക്ഷപ്പെട്ടുകൊള്ളണമെന്നില്ല. പ്രവാചകനിൽ വിശ്വസിക്കാനുള്ള അനിവാര്യമായ ഉപാധിയല്ല അദ്ദേഹം പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതം. അധികമാളുകളും വിശ്വസിക്കുന്നത് ദിവ്യാത്ഭുതം കണ്ടതുകൊണ്ടുമല്ല. സത്യം സ്വീകരിക്കാൻ മനസ്സില്ലാത്തവർ ദിവ്യാത്ഭുതം കണ്ടാലും വിശ്വസിക്കാൻ പോകുന്നുമില്ല. ഒന്നല്ല, ഒമ്പത് ദിവ്യാത്ഭുതങ്ങൾ കണ്ടിട്ടും ഫറവോനികൾ മൂസാ പ്രവാചകനിൽ വിശ്വസിച്ചില്ലല്ലോ. ഇസ്രാഈല്യരിൽ പോലും ചിലർ വിശ്വസിച്ചില്ല.

മുഹമ്മദ് നബിയെ തള്ളിപ്പറയാൻ അദ്ദേഹത്തിന്റെ പ്രഥമ പ്രബോധിതരായ ഖുറൈശികൾ ഉന്നയിച്ച മറ്റൊരു ന്യായമായിരുന്നു അറബ് ജനതയിൽ അവർക്കുണ്ടായിരുന്ന ഔന്നത്യവും പ്രതാപവും നഷ്ടമാകുമെന്ന ഭയം. അവർ പറഞ്ഞു: അറബികൾ ആരാധിച്ചുകൊണ്ടിരുന്ന ദൈവങ്ങളെയെല്ലാം ഉപേക്ഷിച്ച് നിന്നിലും നിന്റെ ഏകദൈവത്തിലും വിശ്വസിച്ചാൽ നമ്മൾ ഒറ്റപ്പെട്ടുപോകും. നമ്മുടെ ഔന്നത്യവും പ്രതാപവും അസ്തമിക്കും. അറബികളുടെ ആരാധനാപാത്രങ്ങളായ വിഗ്രഹങ്ങൾ വസിക്കുന്ന കഅ്ബയുടെ പരിചാരകരും പരികർമികളും എന്നതാണല്ലോ നമ്മുടെ ഔന്ന

ത്യത്തിനും കുലമഹിമക്കും ആധാരം. അവയെ ഉപേക്ഷിക്കുന്നതോടെ നാം എല്ലാ ഗോത്രങ്ങളുടെയും ശത്രുക്കളും നികൃഷ്ടരുമായിത്തീരും. തികച്ചും അരക്ഷിതരും നാനാഭാഗത്തുനിന്നും കൈയേറ്റം ചെയ്യപ്പെടുന്നവരുമാകും. അതുകൊണ്ട് ഈ വിഗ്രഹങ്ങളെ സംരക്ഷിക്കേണ്ടതും ആരാധിക്കേണ്ടതും നമ്മുടെ ദേശീയ താൽപര്യമാകുന്നു. മറുപടി: കാർഷിക വിളകളൊന്നുമില്ലാത്ത ഈ മക്കയെ പാവനവും നിർഭയവും സുഭിക്ഷവുമായ രാജ്യമാക്കിത്തന്നത് അല്ലാഹുവല്ലയോ? എല്ലാവിധ കാർഷിക വിളകളും വിഭവങ്ങളും അവൻ നിങ്ങൾക്കെത്തിച്ചുതരുന്നു. ഈ അല്ലാഹുവിന് അവനിൽ വിശ്വസിക്കുകയും വഴിപ്പെട്ടു ജീവിക്കുകയും ചെയ്യുന്നവരെ അവന്റെ സൃഷ്ടികളായ മറ്റു മനുഷ്യരിൽനിന്ന് രക്ഷിക്കാൻ കഴിയില്ലെന്നു കരുതാനാവുമോ? സർവശക്തനായ അല്ലാഹുവിൽ സത്യത്തിൽ വിശ്വാസമർപ്പിച്ചവർക്ക് മറ്റാരെയും ഭയപ്പെടേണ്ട കാര്യമില്ല. അവനെ ധിക്കരിക്കുകയും അവന്റെ കോപമാർജിക്കുകയും ചെയ്യുന്നവർ എത്ര തന്നെ സമ്പന്നരും പ്രതാപികളും വീരശൂരന്മാരുമായിരുന്നാലും ഒരുനാൾ അതെല്ലാം അവൻ പിടിച്ചെടുക്കുകയും അവരെ നീചരിൽ നീചരാക്കി നശിപ്പിക്കുകയും ചെയ്യും. അതിന് ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങളുണ്ട്. ■

---

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

طسٓمٓ ﴿١﴾

1. ത്വാ-സീൻ-മീം

**1**

طسٓمٓ = ത്വാ, സീൻ, മീം

സൂറകളുടെ ആരംഭങ്ങളിലുള്ള ഒറ്റയക്ഷരങ്ങളെക്കുറിച്ച് നേരത്തേ പല സൂറകളുടെയും തുടക്കത്തിൽ ചർച്ച ചെയ്തിരിക്കുന്നു. *ശുഅറാഅ്, നംല്, ഖസ്വസ്വ്* സൂറകളുടെ സാമ്യങ്ങളിലൊന്നു കൂടിയാണീ പ്രാരംഭാക്ഷരങ്ങൾ. *അശ്ശുഅറാഅ്* ത്വാ-സീൻ-മീം എന്നും, *അന്നംല്* ത്വാ-സീൻ എന്നുമാണ് ആരംഭിക്കുന്നത്. ■

---

تِلْكَ آيَاتُ الْكِتَابِ الْمُبِينِ ﴿٢﴾

2. ഇവ തെളിഞ്ഞ വേദസൂക്തങ്ങളത്രെ.

**2**

تِلْكَ = അത്(തു) آيَاتُ الْكِتَابِ = ഗ്രന്ഥത്തിന്റെ (വേദ) സൂക്തങ്ങളത്രെ

الْمُبِينِ = സുവ്യക്തമായ

آيَاتُ -ന് ദൃഷ്ടാന്തം, ദിവ്യാത്ഭുതം, സൂക്തം എന്നീ അർഥങ്ങളുണ്ട്. الْكِتَاب (വേദം) തുടർന്നു വന്നതിനാൽ ഇവിടെ ഉദ്ദേശ്യം സൂക്തങ്ങളാണെന്ന് സ്പഷ്ടമാകുന്നു. الْمُبِينِ (തെളിഞ്ഞ) എന്ന വിശേഷണത്തിന് ഇവിടെ മൂന്നു മാനങ്ങളുണ്ട്: 1. ഇവ വേദസൂക്തങ്ങളാണെന്ന കാര്യം അതിന്റെ ഭാഷയിൽനിന്നും ശൈലിയിൽനിന്നും ഉള്ളടക്കത്തിൽനിന്നും വ്യക്തമാകുന്നു. 2. അനായാസം ആശയഗ്രഹണം സാധ്യമാകുംവിധം ലളിതവും സ്പഷ്ടവുമാണീ വചനങ്ങൾ. 3. സത്യാസത്യങ്ങളും ധർമാധർമങ്ങളും തെളിയിച്ചു കാണിച്ചുതരുന്നതാണീ സൂക്തങ്ങൾ. സന്ദർഭത്തിൽ കൂടുതൽ പ്രസക്തമായ മാനം ഒന്നാമത്തേതാണ്. മുഹമ്മദീയ പ്രവാചകത്വത്തെയും ഖുർആന്റെ ദൈവികതയെയും നിഷേധിക്കുന്നവരായിരുന്നുവല്ലോ അവതരണ പശ്ചാത്തലത്തിലുണ്ടായിരുന്ന അഭിസംബോധിതർ. ■

---

نَتْلُو عَلَيْكَ مِن نَّبَإِ مُوسَىٰ وَفِرْعَوْنَ بِالْحَقِّ لِقَوْمٍ يُؤْمِنُونَ ﴿٣﴾

3. മൂസാ-ഫറവോൻ മഹാചരിതത്തിൽനിന്ന് ചിലത് നാം യഥാതഥമായി നിനക്ക് ചൊല്ലിത്തരാം; സത്യവിശ്വാസികളായ ജനത്തിനു വേണ്ടി.

**3**

نَتْلُو عَلَيْكَ = നാം നിനക്ക് ഓതിത്തരുന്നു (ചൊല്ലിത്തരാം)

مِن نَّبَإِ مُوسَىٰ وَفِرْعَوْنَ= മൂസായുടെയും ഫറവോന്റെയും മഹാ വാര്‍ത്തയി(ചരിത്രത്തി)ല്‍നിന്ന് (ചിലത്)

بِالْحَقِّ = സത്യമായി (യഥാതഥമായി) لِقَوْمٍ يُؤْمِنُونَ = വിശ്വസിക്കുന്ന ജനത്തിനുവേണ്ടി

تِلَاوَة (ഓത്ത്, ചെല്‍ത്ത്)-ല്‍നിന്നുള്ള ഉത്തമ പുരുഷ ബഹുവചനക്രിയയാണ് نَتْلُو. ഈ പദം عَلَى യുമായി ചേരുമ്പോള്‍ സകര്‍മകമാകുന്നു. മറ്റൊരാള്‍ക്ക് ഓതിക്കൊടുക്കുക, ചൊല്ലിക്കൊടുക്കുക എന്നര്‍ഥം. ഗുരുതരമായ വാര്‍ത്തയും മഹാചരിതവുമാണ് نَبَأ . പ്രവചനത്തിനും ഉപയോഗിക്കും. ദിവ്യസന്ദേശത്തിലൂടെ പ്രവചനങ്ങള്‍ ലഭിച്ച പ്രവാചകന്‍ എന്ന അര്‍ഥത്തിലുള്ള നബിയ്യ് ഇതില്‍നിന്ന് നിഷ്പന്നമായതാണ്. نَبِئ ആണതിന്റെ അസല്‍ രൂപം. ഉച്ചാരണ സൗകര്യത്തിനു വേണ്ടി അന്ത്യാക്ഷരമായ ഹംസ (أ)യെ ياء ആക്കി മാറ്റി അതിനെ തൊട്ടു മുമ്പുള്ള ياء-ല്‍ ലയിപ്പിച്ച(ادغام)പ്പോഴാണ് نَبِيّ ആയത്. ഉള്ളത് ഉള്ളതുപോലെ, അതിലടങ്ങിയ പാഠങ്ങളും തത്ത്വങ്ങളും ചോര്‍ന്നുപോകാതെ സത്യസന്ധമായി എന്നാണ് بِالْحَقِّ എന്നതിന്റെ താല്‍പര്യം. തൗറാത്തിലെ മൂസാ-ഫറവോന്‍ ചരിതം അത്ര കൃത്യതയുള്ളതല്ല എന്ന സൂക്ഷ്മമായ സൂചനയും ഈ പദപ്രയോഗം ഉള്‍ക്കൊള്ളുന്നുണ്ട്. മൂസാ-ഫറവോന്‍ ചരിതത്തില്‍നിന്ന് പൊതു സമൂഹത്തിന് ലഭിക്കേണ്ട പല ഉപദേശങ്ങളും പാഠങ്ങളും അതില്‍നിന്ന് ചോര്‍ന്നുപോയിരിക്കുന്നു. മൂസാ(അ)യുടെ പ്രവാചക വിശുദ്ധിക്ക് ചേരാത്ത ചില കാര്യങ്ങള്‍ അദ്ദേഹത്തില്‍ ആരോപിക്കുകയും ചെയ്തിരിക്കുന്നു. يُؤْمِنُونَ-നെ പണ്ഡിതന്മാര്‍ രണ്ടര്‍ഥങ്ങളില്‍ വ്യാഖ്യാനിച്ചിരിക്കുന്നു:

1. വ്യക്തമായ തെളിവുകളും ന്യായങ്ങളും മുന്നില്‍ വരുമ്പോള്‍ സത്യം അംഗീകരിക്കാന്‍ സന്മനസ്സുള്ളവര്‍. അത്തരക്കാര്‍ക്ക് മതിയായ ന്യായങ്ങളും തെളിവുകളുമാണ് അല്ലാഹു ഓതിത്തരുന്ന ഈ സൂക്തങ്ങള്‍. പ്രവാചകനെ പരീക്ഷിക്കുന്നതിനു വേണ്ടി വേദക്കാര്‍ ഉപദേശിച്ചതനുസരിച്ച് മൂസാ-ഫറവോന്‍ ചരിത്രം പറയണമെന്ന് ഖുറൈശികള്‍ ആവശ്യപ്പെട്ടപ്പോഴാവാം ഈ കഥാകഥനം നടന്നതെന്ന് ഒരഭിപ്രായമുണ്ട്.

2. സത്യവിശ്വാസികളായിക്കഴിഞ്ഞ ആളുകള്‍. അവര്‍ മൂസാ-ഫറവോന്‍ ചരിത്രവും അതിലടങ്ങിയ തത്ത്വോപദേശങ്ങളും നീതിസാരങ്ങളും മനസ്സിലാക്കുന്നതിനു വേണ്ടിയാണ് അല്ലാഹു ഈ ചരിത്രം യഥാതഥമായി കേള്‍പ്പിക്കുന്നത്. പ്രവാചക ശിഷ്യന്മാര്‍, പ്രവാചകനോട് യൂസുഫ് നബിയുടെ കഥ പറയാന്‍ ആവശ്യപ്പെട്ടതുപോലെ ഈ കഥയും പറയാന്‍ ആവശ്യപ്പെട്ടിരിക്കാമെന്നും ചിലര്‍ അഭിപ്രായപ്പെടുന്നു. ■